**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3976** **15-07-2022 - ൽ മറുപടിയ്ക്ക്**

**കെ സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകൾ കെ. സ്റ്റോറുകളായി നവീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന 5 റേഷൻകടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>2022 ആഗസ്റ്റ് മാസത്തോടെ പദ്ധതി പ്രാവർത്തികമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | സംസ്ഥാനത്ത് കെ സ്റ്റോറുകൾ എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | ഇത്തരം സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള സംവിധാനം എങ്ങനെ ഉണ്ടാക്കുമെന്നും എന്തെല്ലാം ഭക്ഷ്യ ഉല്പന്നങ്ങളാണ് ഇത് വഴി ലഭ്യമാക്കുക എന്നും വ്യക്തമാക്കാമോ? | (സി) | കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി മിനി അക്ഷയ സെന്ററുകൾ, സപ്ലൈകോയുടെ സബ്സിഡി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കൂടാതെ മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ കൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ 837 ലൈസൻസികൾ തയ്യാറായി വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ